സീഡ് അതോറിറ്റി രൂപീകരണം

*12 [328] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു:

ഡോ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കാവശ്യമുള്ള വിവിധയിനം വിത്തുകൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) സീഡ് അതോറിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) നല്ലയിനം വിത്തുകൾ പ്രചരിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) നല്ലയിനം വിത്തുതേങ്ങാ ഇപ്പോൾ എവിടെനിന്നെല്ലാമാണ് ശേഖരിച്ചു കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമുള്ള വിവിധയിനം നെൽവിത്ത്, പച്ചക്കറി വിത്ത്, തെങ്ങിൻ തൈകൾ മറ്റു വിളകളുടെ വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിനു സംസ്ഥാനത്ത് 33 വിത്തു ഫാമുകൾ, 10 സ്പെഷ്യൽ ഫാമുകൾ, 10 ജില്ലാ കൃഷി ഫാമുകൾ, 8 തെങ്ങിൻ തൈ വളർത്തു കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങൾ വഴിയും വിവിധ വിത്തുകളും നടീൽ വസ്തുക്കളും കൃഷിക്കാർക്കു വിതരണം ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിത്തുല്പാദനം, സംഭരണം, വിതരണം എന്നിവ യഥാസമയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് വിത്തു വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) 13-3-2000-ത്തിലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്. 66/2000 പ്രകാരം സീഡ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) നല്ലയിനം വിത്തുകൾ പ്രചരിപ്പിക്കുന്നതിനായി കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുക്കുന്ന അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ വാങ്ങി സംസ്ഥാന വിത്തു ഫാമുകളിലും ജില്ലാ ഫാമുകളിലും പ്രജനനം നടത്തി സംസ്ഥാനത്തെ വിവിധ കൃഷിഭവനുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നല്ലയിനം വിത്തുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകരുടെ കൃഷിയിടങ്ങളിൽ ഫാം ട്രയലുകളും, മാതൃകാ പ്രദർശന തോട്ടങ്ങളും സ്ഥാപിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുമാണ് പ്രധാനമായും ശേഖരിക്കുന്നത്.

ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

*13 [329] ശ്രീ. ടി. കെ. ബാലൻ:

" കോടിയേരി ബാലകൃഷ്ണൻ:

" റ്റി. പി. രാമകൃഷ്ണൻ:

" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

(ബി) ഇതനുസരിച്ച് കേന്ദ്രപൂളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ സാധാനങ്ങളുടെ വിലയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യനയം, സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പൊതുവിതരണ സമ്പ്രദായം നിലനിർത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കേരളത്തിൽ 1-6-1997 മുതൽ നടപ്പിലാക്കി.

(ബി) ഉണ്ട്.

(സി) പ്രതികൂലമായി ബാധിച്ചതായി ബോധ്യമായിട്ടുണ്ട്.

(ഡി) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീട്ടുനമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 119200 കുടുംബങ്ങളെ കൂടി അധികമായി ചേർത്തു. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽനിന്നും 500 രൂപയായി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. ഉപഭോക്തൃ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly